(ബി) കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ ഈ ലേബർ സ്കാഡുകൾ എത്ര പരിശോധനകൾ നടത്തിയെന്നും, തൊഴിൽനിയമം ലംഘിച്ച എത്ര കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പിടിക്കപ്പെട്ടവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 14 ലേബർ സ്കാഡുകൾ

(ബി) ലേബർ സ്കാഡുകളുടെ പ്രവർത്തനം ആദ്യഘട്ടത്തിൽ നടത്തിയിരുന്നത് കശുവണ്ടിഫാക്ടറികളിൽ മാത്രമായിരുന്നു. മറ്റ് സ്ഥാപനങ്ങളിലെ പരിശോധനകൾക്ക് സ്കാഡ് രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചത് 20-1-98 മുതലാണ്. ഇതിൻപ്രകാരം 1998-ൽ ലേബർ സ്കാഡുകൾ 1,384 പരിശോധനകൾ നടത്തുകയും 1-1-1999 മുതൽ 1999 മെയ് മാസം വരെ 118 പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. (തൊഴിൽവകുപ്പ് ഉദ്യോഗസ്ഥന്മാരുടെ വിവിധ പരിശോധനകളിലൂടെ തൊഴിൽനിയമം ലംഘിച്ചതിന്റെ പേരിൽ 1998-99 വർഷത്തിൽ 60,328 കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്.

(സി) തൊഴിൽനിയമം ലംഘിക്കപ്പെട്ടതിന്റെ പേരിൽ പിടിക്കപ്പെട്ടവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ എടുക്കുകയും, മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷനുകൾ സമർപ്പിക്കുകയും അതുവഴി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുകയും ചെയ്യുന്നു.

73 (3540) ലേബർ വെൽഫയർ ഓഫീസർമാർ

ശ്രീ. പി.ജെ. ജോയി :

ശ്രീ. എ.കെ. മണി :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എല്ലാ തോട്ടങ്ങളിലും ലേബർ വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരിൽ ചട്ടപ്രകാരമുള്ള യോഗ്യത സമ്പാദിച്ചിട്ടുള്ള എത്രപേരുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി ചട്ടപ്രകാരം യോഗ്യത സമ്പാദിച്ചിട്ടുള്ള 73 വെൽഫെയർ ഓഫീസർമാർ വിവിധ പ്ലാന്റേഷനുകളിൽ പ്രവൃത്തി എടുത്തുവരുന്നു.

74 (3542) തിരുവനന്തപുരം ജില്ലയിൽ ലോക്കൗട്ട് ചെയ്തിട്ടുള്ള തേയിലത്തോട്ടങ്ങൾ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര തേയിലത്തോട്ടങ്ങൾ ലോക്കൗട്ട് ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly